"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കാഡ്കോ - മാനേജിംഗ് ഡയറക്ടർക്ക് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.530/2022/ID തീയതി,തിരുവനന്തപുരം, 05-06-2022

---

പരാമർശം:- 11.11.2021 ലെ കാഡ്കോ മാനേജിംഗ് ഡയറക്ടറുടെ No. KADCO/ E1 / KL-01 - AS-9869/2021 കത്ത്.

**ഉത്തരവ്**

കാഡ്കോയിൽ മാനേജിങ് ഡയറക്ടറുടെ ഉപയോഗത്തിനായി അനുവദിച്ചിട്ടുള്ള Chevrolet U-VA 1.2 LS, 2008 മോഡൽ കാർ കാലപ്പഴക്കം ചെന്നതിനാൽ നിലവിൽ ഉപയോഗശൂന്യമായിക്കുകയാണെന്നും വാഹനത്തിന്റെ repair/maintenance uneconomical ആണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് 16000/- രൂപ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത വാഹനം ലേലം ചെയ്ത് വിൽക്കുന്നതിനും 10 ലക്ഷം രൂപയിൽ താഴെ വിലവരുന്ന പുതിയ കാർ തനത് ഫണ്ടിൽ നിന്നും വാങ്ങുന്നതിനും അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം മാനേജിങ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപയോഗശൂന്യമായ നിലവിലുള്ള വാഹനം നടപടിക്രമങ്ങൾ പാലിച്ച് കണ്ടം ചെയ്ത് കാഡ്കോ മാനേജിങ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 10 ലക്ഷം രൂപയിൽ താഴെ വിലവരുന്ന പുതിയ വാഹനം തനത് ഫണ്ടിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് ആർ
അണ്ടർ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കാഡ്കോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരളം, തിരുവനന്തപുരം,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ ബിപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (PU-D3/132/2021-FIN 07-05-2022 പ്രകാരം)
ഐ& പി.ആർ.ഡി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by S Padmaja
Date: 06-06-2022 11:24:47
സെക്ഷൻ ഓഫീസർ